മദ്യത്തിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം കുറയ്ക്കാൻ നടപടി

44 [501] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഉണ്ടായിരുന്ന ബാർ ഹോട്ടലുകൾ, ബിയർ പാർലറുകൾ, ചില്ലറ മദ്യ വിൽപ്പനശാലകൾ എന്നിവയുടെ എണ്ണം എത്രയായിരുന്നു;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് പുതിയതായി എത്ര ബാർ ഹോട്ടലുകൾ, ബിയർ പാർലറുകൾ, ചില്ലറ വിദേശമദ്യ വിൽപ്പനശാലകൾ എന്നിവ അനുവദിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ബാർ ഹോട്ടലുകൾ - 461
ബിയർ പാർലറുകൾ - 42
ചില്ലറ മദ്യ വിൽപ്പനശാലകൾ - 240

(ബി) ബാർ ഹോട്ടലുകൾ - 74
ബിയർ പാർലറുകൾ - 19
ചില്ലറ വിദേശമദ്യ വിൽപ്പനശാലകൾ - 111

വ്യാജമദ്യംമൂലമുള്ള ദുരന്തം

45 [502] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ വ്യാജമദ്യംമൂലമുള്ള ദുരന്തം ഉണ്ടായിട്ടുണ്ട്;

(ബി) വ്യാജമദ്യം കഴിച്ച് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ; അവർ ആരെല്ലാം; എത്രപേർക്ക് കാഴ്ചശേഷി നഷ്ടപ്പെട്ടിട്ടുണ്ട്; പേര് വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൊല്ലം ജില്ലയിൽ കുപ്പണ എന്ന സ്ഥലത്താണ് വ്യാജമദ്യംമൂലം ദുരന്തം ഉണ്ടായിട്ടുള്ളത്.

(ബി) വ്യാജമദ്യം കഴിച്ച് കൊല്ലം ജില്ലയിൽ 7 പേർ മരണപ്പെട്ടിട്ടുണ്ട്. 2 പേരുടെ കാഴ്ച നഷ്ടപ്പെട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിൽ മരണപ്പെട്ടവർ:

1. വിശ്വനാഥൻ (45), S/o. കുഞ്ഞ് കുഞ്ഞ്, നടുവില കിഴക്കതിൽ വീട്, മുരുന്തൽ, തൃക്കടവൂർ.
2. വിശ്വനാഥപിള്ള (44), S/o. നീലകണ്ഠപിള്ള, കോയിവിള തെക്കതിൽ വീട്, മുരുന്തൽ, തൃക്കടവൂർ.
3. ഷാജി (38), S/o. ഭാസ്കരൻ, കുറ്റിയിൽ ഉഷസ്, മുരുന്തൽ, തൃക്കടവൂർ.
4. പ്രശാന്തൻ (42), S/o. ശ്രീനിവാസൻ, വയലിൻ പുത്തൻ വീട്, പനമൂട്, നിരാവിൽ.
5. ശ്രീധരൻ (70), S/o. ശങ്കരൻ, പുത്തൻപുര, പടിഞ്ഞാറ്റതിൽ മുരുന്തൽ, കുപ്പണ.
6. അരവിന്ദാഷൻ, S/o. നാരായണൻ, നടുവില കിഴക്കതിൽ വീട്, മുരുന്തൽ, കുപ്പണ.
7. ബാബുപിള്ള (52), S/o. ശ്രീധരൻ പിള്ള, പാറയിൽ പുത്തൻവീട്, മുരുന്തൽ, കുപ്പണ.

കുപ്പണ മദ്യ ദുരന്തത്തിൽ താഴെപ്പറയുന്നവരുടെ കാഴ്ചശക്തി നഷ്ടപ്പെട്ടു.

1. ബാബു (വിജയനാഥ്) കവിത, മുരുന്തൽ, തൃക്കടവൂർ-പൂർണ്ണമായി കാഴ്ച നഷ്ടപ്പെട്ടു.
2. മോഹൻകുമാർ, മാമ്പുഴ വീട്, നീരാവിൽ, തൃക്കടവൂർ-ഭാഗികമായി കാഴ്ച നഷ്ടപ്പെട്ടു.

സ്പിരിറ്റ് കള്ളക്കടത്ത് തടയാൻ നടപടി

46 [503] ശ്രീ. വി. കെ. ചന്ദ്രൻ:

„ കെ. വി. കുഞ്ഞിരാമൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വൻതോതിൽ സ്പിരിറ്റ് കേരളത്തിലേക്ക് ഒഴുകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനും അനധികൃതമായി കൊണ്ടുവരുന്ന സ്പിരിറ്റ് പിടിച്ചെടുക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) ഇതിനായി എക്സൈസ് വകുപ്പിൽ പ്രത്യേക സംവിധാനം വല്ലതും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അനധികൃതമായി കൊണ്ടുവന്ന എന്തുമാത്രം ലിറ്റർ സ്പിരിറ്റ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പിടികൂടി; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly